**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 385** **13-03-2023 - ൽ മറുപടിയ്ക്ക്**

**നാട്ടാന പരിപാലനത്തിന് മാർഗനിർദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉത്സവ സീസണുകൾ ആരംഭിച്ച സാഹചര്യത്തിൽ നാട്ടാനകളുടെ പരിപാലനത്തിനും എഴുന്നള്ളത്തിനും പുതുക്കിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉത്സവങ്ങൾക്ക് ആനകളെ എഴുന്നള്ളിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മുൻ വർഷങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളാ നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടം 2012, 21.01.2012 ലെ സർക്കാർ ഉത്തരവ് (പി) നം. 03/11/വനം, 20.03.2013 ലെ 2853/ഡി2/2013/ വനം നമ്പർ സർക്കുലർ, 27.04.2022 ലെ ഡി2/312/2018/വനം നമ്പർ സർക്കുലർ എന്നിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഉത്സവങ്ങൾക്ക് ആനകളെ എഴുന്നള്ളിക്കുന്നതിന് അനുമതി നൽകുന്നത് (ടി ഉത്തരവിന്റെയും സർക്കുലറുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു). കൂടാതെ കേരള നാട്ടാന പരിപാലന ചട്ട പ്രകാരം ഓരോ ജില്ലയിലും രൂപീകരിച്ചിട്ടുള്ള ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി മുമ്പാകെ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേത്രങ്ങളിൽ മാത്രമേ ആനകളെ എഴുന്നള്ളിക്കുന്നതിന് അനുമതി നൽകാറുള്ളൂ. |
| (ബി) | ഉത്സവങ്ങളോടനുബന്ധിച്ച് എഴുന്നള്ളിക്കുന്ന ആനകൾ അക്രമാസക്തമാകുകയും ആൾനാശം ഉൾപ്പെടെയുള്ള നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് ഉത്സവങ്ങൾക്ക് ആനകളെ എഴുന്നള്ളിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മുൻ വർഷങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളാ നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടം 2012, 21.01.2012 ലെ സർക്കാർ ഉത്തരവ് (പി) നം. 03/11/വനം, 20.03.2013 ലെ 2853/ഡി2/2013/ വനം നമ്പർ സർക്കുലർ, 27.04.2022 ലെ ഡി2/312/2018/വനം നമ്പർ സർക്കുലർ എന്നിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഉത്സവങ്ങൾക്ക് ആനകളെ എഴുന്നള്ളിക്കുന്നതിന് അനുമതി നൽകുന്നത് (ടി |

| | | | |
|---|---|---|---|
| | | | ഉത്തരവിന്റെയും സർക്കുലറുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു). കൂടാതെ കേരള നാട്ടാന പരിപാലന ചട്ട പ്രകാരം ഓരോ ജില്ലയിലും രൂപീകരിച്ചിട്ടുള്ള ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി മുമ്പാകെ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേത്രങ്ങളിൽ മാത്രമേ ആനകളെ എഴുന്നള്ളിക്കുന്നതിന് അനുമതി നൽകാറുള്ളൂ. |
| (സി) | ഉത്സവ സീസണുകൾക്ക് മുൻപ് നാട്ടാനകളെ സൊസൈറ്റി ഫോർ ദി പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി റ്റു അനിമൽസ് പാനലിൽ ഉൾപ്പെട്ട ഡോക്ടർമാർ പരിശോധിച്ച് ആരോഗ്യപരമായ കാര്യങ്ങൾ ഉറപ്പാക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ഉത്സവ സീസണുകൾക്ക് മുൻപ് നാട്ടാനകളെ സൊസൈറ്റി ഫോർ ദി പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി റ്റു അനിമൽസ് പാനലിൽ ഉൾപ്പെട്ട ഡോക്ടർമാർ പരിശോധിച്ച് ആരോഗ്യപരമായ കാര്യങ്ങൾ ഉറപ്പാക്കണം എന്ന് മേൽ പറഞ്ഞ ചട്ടങ്ങളിലോ, ഉത്തരവുകളിലോ ഒന്നും തന്നെ നിഷ്കർഷിച്ചിട്ടില്ല. രജിസ്റ്റേർഡ് വെറ്ററിനറി ഡോക്ടർ നൽകുന്ന ഹെൽത്ത് & ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആനകളെ എഴുന്നള്ളിക്കുന്നതിന് അനുമതി നൽകാറുള്ളൂ. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്- ഉത്സവാഘോഷങ്ങൾക്കും മറ്റ് പൊതു പരിപാടികൾക്കും നാട്ടാനകളെ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ - മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

വനം - വന്യജീവി (ഡി) വകുപ്പ്

സ.ഉ (പി) നം. 03/2011/വനം തിരുവനന്തപുരം, തീയതി : 21-01-2012.

==================================================================

പരാമർശം : 20-12-2011, 60-01-2012 തീയതികളിലെ വന്യജീവി വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ BDC 2/1757/11 നമ്പർ കത്തുകൾ.

<u>**ഉത്തരവ്**</u>

ഉത്സവങ്ങൾക്കും മറ്റ് പൊതുപരിപാടികൾക്കും നാട്ടാനകളെ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട, നിബന്ധനകൾ സംബന്ധിച്ച മാർഗ്ഗരേഖ ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ളത് സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സാജൻ പീറ്റർ,
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും.
റവന്യൂ ( ദേവസ്വം )വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

-13-

ഓണ്ടണമ്മം

## ആന എഴുന്നള്ളിപ്പുമായി പാലിക്കേണ്ട നിബന്ധനകൾ

### I. ജില്ലാതല നടപടികൾ

1 ജില്ലാ തലത്തിൽ ഉത്സവകാര്യങ്ങൾ നിയന്ത്രിക്കുവാൻ ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റാഫീസർ, ദേവസ്വം ബോർഡ് മെമ്പർ, കേരള എലിഫന്റ് ഓണേഴ്സ് ഫെഡറേഷൻ പ്രതിനിധി, ആന തൊഴിലാളി സംഘടനാ പ്രതിനിധികൾ, കേരള ഉത്സവ കോർഡിനേഷൻ കമ്മിറ്റി പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുക.

ജില്ലാ തലത്തിൽ ആനയെ പീഡിപ്പിക്കുന്നത് തടയുവാനായി ജില്ലാ കളക്ടർ താഴെ പറയുന്ന സംഘടനാ പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജില്ലാ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

1. ഡിസ്ട്രിക്ട് കളക്ടർ - ചെയർമാൻ
2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ - കൺവീനർ
3. സൂപ്രണ്ട് ഓഫ് പോലീസ്/ കമ്മീഷണർ ഓഫ് പോലീസ്
4. ജില്ലാ മൃഗസംരക്ഷണ ഓഫീസർ
5. അഗ്നിശമനസേനാ പ്രതിനിധി
6. ✓ കേരള എലിഫന്റ് ഓണേഴ്സ് ഫെഡറേഷൻ പ്രതിനിധി
7. ✓ അഖില കേരള ആന തൊഴിലാളി യൂണിയൻ പ്രതിനിധി
8. ✓ ആൾ കേരള ആന തൊഴിലാളി യൂണിയൻ പ്രതിനിധി
9. മെമ്പർ ഓഫ് ദി സൊസൈറ്റി ഫോർ പ്രിവൻഷൻ ഓഫ് ക്രുവൽറ്റി ടു ആനിമൽസ് (എസ്.പി.സി.എ)
10. ✓ കേരള ഉൽസവ കോഓർഡിനേഷൻ കമ്മിറ്റി പ്രതിനിധി.

ഉൽസവ കാലത്തിനു മുൻപായി കമ്മിറ്റി യോഗം ചേർന്ന് ആനകളുടെ ക്ഷേമവും പൊതുജനങ്ങളുടെയും സുരക്ഷയും ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2 പരമ്പരാഗത പൂരങ്ങളല്ലാത്ത പുതിയ പൂരങ്ങൾ തുടങ്ങുകയും, നിലവിലുള്ള പൂരത്തിന് ആനകളുടെ എണ്ണം കൂട്ടുകയും ചെയ്യുന്ന പ്രവണതകൾ നിരുൽസാഹപ്പെടുത്തേണ്ടതാണ്.

...ൽ ഒന്ന് ആനക്കുട്ടികളേക്കാളോ നാലോ രണ്ടിൽ ഒരു മുതിർന്ന ആനയേക്കാളോ ഒന്ന് ആനക്കുട്ടിയെ കാളോ കൂടുതൽ യാത്ര ചെയ്യിക്കുവാൻ പാടില്ല

16 ട്രക്കിലോ റെയിലിലോ ആനകളെക്കൊണ്ട് പോകുമ്പോൾ മിനിമം സ്പീഡ് പാലിച്ചിരിയ്ക്കണം പെട്ടെന്ന് നിർത്താനോ, ജെർക്കിംഗ് ഉണ്ടാക്കാനോ പാടില്ല

17 ട്രക്കിലോ വാഗണിലോ രണ്ട് പാപ്പാൻമാർ ഉണ്ടായിരിക്കണം.

18 ട്രക്കിന് സൈഡ് ബോഡീസ് ഉണ്ടായിരിക്കണം.

19 റോഡ് മാർഗ്ഗം ആനയെക്കൊണ്ട് പോകുമ്പോൾ റോഡ് മുറിച്ച് പോകുന്ന ഇലക്ട്രിക് ലൈനുകളിൽ നിന്നും, കേബിളുകളിൽ നിന്നും അപകടം ഉണ്ടാകാതിരിയ്ക്കാൻ ഒരു തടി കരുതേണ്ടതാണ്.

20 ആനയുടെ സുരക്ഷിതത്വത്തിന് ആവശ്യമായ പ്രോട്ടോക്കോൾ നൽകേണ്ടതാണ്.

21 ആനയുടെ രാത്രികാല യാത്രാ സമയത്ത് മുൻപിലും പിറക് വശത്തും വ്യക്തമായ ചുവന്ന റിഫ്ളക്ടറുകൾ പിടിപ്പിക്കേണ്ടതാണ്

22.രാത്രികാല ആനയെക്കൊണ്ട് പോകുമ്പോൾ മുൻപിൽ നിന്ന് വരുന്ന വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ആനയെയാണ് കൊണ്ട് പോകുന്നത് എന്ന് വ്യക്തമായി അറിയിക്കത്തക്ക രീതിയിലുള്ള ലൈറ്റുകൾ ട്രക്കിൽ പിടിപ്പിച്ചിരിക്കേണ്ടതാണ്.

23. അന്തർ സംസ്ഥാന ട്രാൻസ്പോർട്ട് പെർമിറ്റുകളിൽ നശ്ചിത സ്ഥലവും സമയവും രേഖപ്പെടുത്തേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിന് മുൻപായി ആനയെ ഉടമസ്ഥൻ തിരിച്ചു കൊണ്ട് വരേണ്ടതാണ്.

24 ആവശ്യമായ ഭക്ഷണം ട്രക്കിൽ കരുതേണ്ടതാണ്. കൂടുതൽ പ്രാവശ്യം കുറച്ച് ആഹാരം വീതം നൽകുന്നത് ഉചിതമായിരിക്കും.

25 ട്രാൻസ്പോർട്ടിംഗിനുപയോഗിക്കുന്ന ട്രക്കിന് കുറഞ്ഞത് 420 സെ.മീ. നീളവും ടയറിന് 900-20 അളവും ഉണ്ടായിരിക്കണം. 'വാഹനത്തിന്റെ വീതിക്കനുസൃതമായി ചവിട്ടുപടികളും ഉണ്ടായിരിക്കണം.(കുറഞ്ഞത് 100 സെ.മീ) ആനയുടെ പൊക്കത്തിന്റെ പകുതിയിൽ കുറയാതെ പൊക്കമുള്ളതും തടികൾകൾ കൊണ്ടോ സ്റ്റീൽ പൈപ്പു കൊണ്ടോ മൂന്നു വശവും ബലപ്പെടുത്തിയിരിക്കണം. നാലു വശത്തായും കുറുകെയുള്ള പൈപ്പുകൾ ബലപ്പെട്ടതായിരിക്കണം. മുൻപിലുള്ള ബാർ തുമ്പിക്കൈ ഉപയോഗിച്ച് പിടിയ്ക്കാൻ ബലമുള്ളത് ആയിരിയ്ക്കണം. കാബിൻ ഭാഗത്ത് നിന്ന് 60 സെ.മീറ്റർ എങ്കിലും അകലെ ആയിരിയ്ക്കണം ആനയെ നിർത്താൻ ആക്ട് 48 എ വകുപ്പ് ഉപവകുപ്പ് (1) പ്രകാരം നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ മുൻപാകെ നിർദ്ദിഷ്ട മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ പക്കൽ നിന്നു വാങ്ങിയ ട്രക്കിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

26 അത്യാവശ്യ സമയത്ത് ബന്ധപ്പെടുന്നതിനായി ഫോൺ നമ്പറുകൾ ട്രക്കിൽ പ്രദർശിപ്പിക്കേണ്ടതാണ്.

27.ഓരോ യാത്രാവസാനങ്ങളിലും ആനയ്ക്കും പാപ്പാനും ആവശ്യമായ വിശ്രമം നൽകേണ്ടതാണ്.

*10 Constitution of District Committee –*

1.A District Commettee shall be constituted by the District Collector to deal with cases of cruelty meted out to captive elephants. The Committee shall have the following members:

| | | |
|---|---|---|
| (1) The District Collector | - | Chairman |
| (2) The Divisional Forest Officer | - | Convener |
| (3) The Superintendent of Police/ Commissioner of Police | - | Member |
| (4) The District Veterinary Officer | - | Member |
| (5) The Representative of Fire Forece | - | Member |
| (6) A Representative of the Organization Of Elephat Owners nominated by The District Collector | - | Member |
| (7) Two Representative of the Employees Engaged for the Management and Maintenance of Captive Elephant nominated by District Collector | - | Member |

(8) A Member of the Society for Prevention
Of Cruelty to Animals (SPCA)

(9) Therepresentative of Kerala Festival
Co-Ordination Commettee nominated by the Disrtict Collector

2. ജില്ലാ കമ്മിറ്റികൾ ഉത്സവസമയാരംഭങ്ങൾക്ക് മുൻപായി കൂടി (പ്രത്യേകിച്ച് ഒക്ടോബർ മാസം)ആനയുടേയും പൊതു ജനങ്ങളുടേയും സംരക്ഷയ്ക്ക് വേണ്ട മുൻ കരുതലുകൾ എടുക്കേണ്ടതാണ്.

3. പരമ്പരാഗത ഉത്സവങ്ങളിലും മറ്റ് പുതിയ ഉത്സവങ്ങളിലും കൂടുതൽ കൂടുതൽ ആനകളെ ഉൾപ്പെടുത്തുന്നത് ജില്ലാക്കമ്മിറ്റി നിരുത്സാഹപ്പെടുത്തേണ്ടതാണ്.

4. ആനകളെ പ്രദർശിപ്പിക്കുന്ന ഉത്സവങ്ങളിലും മറ്റ് ചടങ്ങുകളിലും ആവശ്യമായ പ്രവർത്തനങ്ങൾക്കുവേണ്ടി രൂപീകരിക്കുന്ന കമ്മിറ്റിയിൽ താഴെ പറയുന്ന കാര്യങ്ങൾ നടത്തുന്നതിന് വേണ്ടി ജില്ലാകമ്മിറ്റി ആവശ്യമായ നടപടികൾ ഉറപ്പാക്കിയിരിയ്ക്കണം.

(i) ആന എഴുന്നള്ളത്ത് സമയങ്ങളിൽ ആനകൾ തമ്മിൽ ആവശ്യമായ അകലം ഉണ്ടായിരിക്കണം.

(ii) മദപ്പാടുള്ള ആനയെ എഴുന്നള്ളിക്കരുത്.

(iii) രോഗമുള്ളതോ,മുറിവേറ്റതോ, ക്ഷീണിതനായതോ, ഗർഭിണികളായ ആനകളേയോ ഉപയോഗിക്കരുത്.

(iv) ആനകളെ നിയന്ത്രിക്കാൻ ചങ്ങലകളോ, കുന്തങ്ങളോ ഒന്നും ഉപയോഗിക്കാൻ പാടില്ല.

(v) ആവശ്യമായ വിശ്രമം നൽകാതെ ചൂടു സമയത്ത് ടാർ റോഡിലൂടെ കൂടുതൽ സമയം ആനയെ നടത്തരുത്.

(vi) കൂടുതൽ സമയം ആനയെ ടാർ റോഡിൽ നിർത്തരുത്. ആനയുടെ അടുത്ത് പടക്കം പൊട്ടിക്കാൻ അനുവദിക്കരുത്.

(vii) ആവശ്യമായ വെള്ളവും ആഹാരവും ഉണ്ടെന്ന് ഉറപ്പ് വരുത്തണം.

(viii) പന്തങ്ങൾ (തീവെട്ടി) ആനയുടെ പിറകിൽ നിന്നും ദൂരെ മാറ്റി നിർത്താൻ കമ്മിറ്റി ശ്രദ്ധിക്കണം

(ix) ചൂട് കൂടിയ സമയത്ത് ഷെഡ് ഉറപ്പ് വരുത്തണം.

(x) ആവശ്യമായ സുരക്ഷിതത്വം വാളന്റിയർമാരിൽ നിന്നും ഉറപ്പ് വരുത്തണം.

(xi) അഞ്ചോ, ആറോ ആനകളെ എഴുന്നള്ളിക്കുമ്പോൾ ആന സ്ക്വാഡിൽ നിന്നുള്ള ഒരു വെറ്ററിനറി ഡോക്ടറുടെ സേവനം ഉറപ്പാക്കണം.

(xii) 72 മണിക്കൂർ മുൻപ് തന്നെ ഏറ്റവും അടുത്തുള്ള റെയിഞ്ചോഫീസറെയോ പോലീസ് ഓഫീസറെയോ ഉത്സവത്തെപ്പറ്റി വിവരം അറിയിച്ചിരിക്കണം.

(xiii) എഴുന്നള്ളത്ത് സമയം ആനയ്ക്ക് ഇടചങ്ങല ഉണ്ടായിരിക്കണം.

(xiv) എഴുന്നള്ളത്തുള്ള സമയം പാപ്പാൻമാർ മദ്യപിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തണം.

(xv) 1.5 മീറ്ററിൽ താഴെ പൊക്കമുള്ള ആനകളെ എഴുന്നള്ളത്തിന് ഉപയോഗിക്കരുത്.

(xvi) പറ എഴുന്നള്ളത്തിന് ഉപയോഗിക്കുന്ന ആനകൾക്ക് ആവശ്യമായ വിശ്രമം അനുവദിക്കണം. ഇതിന്റെ സമയം 6am-11 am, 4 pm -8pm എന്നിങ്ങനെ നിജപ്പെടുത്തണം.

(xvii) രാത്രി കാലങ്ങളിൽ വൈദ്യുതി വിച്ഛേദിച്ചാൽ നേരിടുന്നതിനായി ജനറേറ്റർ കരുതേണ്ടതാണ്.

(xviii) പൊതു ബാദ്ധ്യത ഇൻഷുറൻസ് (3 ലക്ഷം രൂപ) ഓരോ ആനയ്ക്കും എടുത്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

11. <u>ആനയുടെ റിട്ടയർമെന്റ്</u>

1. ആനകൾക്ക് 65 വയസ് ആകുമ്പോൾ ജോലിയിൽ നിന്നും റിട്ടയർ ചെയ്യിക്കേണ്ടതാണ്.

2. 65 വയസ്സിന് മുകളിലുള്ള ആനകൾ ആരോഗ്യം ഉള്ളവയാണെങ്കിൽ വെറ്ററിനറി ഡോക്ടറുടെ പക്കൽ നിന്നുള്ള ഹെൽത്ത് സർട്ടിഫിക്കറ്റ് വാങ്ങി ചെറിയ ജോലികൾ ചെയ്യിക്കാവുന്നതാണ്.

12 <u>വെറ്ററിനറി ഡോക്ടർ</u>

1. ഈ റൂൾ പ്രകാരം രജിസ്റ്റർ ചെയ്ത ഒരു വെറ്ററിനറി ഡോക്ടർ മാത്രമേ ആനകളെ മയക്കാവൂ.

2 ആനകളെ മയക്കുന്നതിന് വേണ്ടി വെറ്ററിനറി ഡോക്ടർ അപ്പൻഡിക്സ് III പ്രകാരമുള്ള ഫോമിൽ പ്രത്യേക രജിസ്ട്രേഷന് വേണ്ടി ചീഫ് വൈൽഡ് ലൈഫ് വാർഡൻ അപേക്ഷ നൽകേണ്ടതാണ്

കേരള സർക്കാർ

വനം വന്യജീവി (ഡി) വകുപ്പ്

# സർക്കുലർ

2853/ഡി2/2013/വനം. തിരുവനന്തപുരം, തീയതി, 20.03.2013.

വിഷയം - വനം വന്യജീവി വകുപ്പ് - ഉത്സവങ്ങളുമായി ബന്ധപ്പെട്ട് ആനകളെ എഴുന്നള്ളിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന - 1. ജി.ഒ.(പി)നം.03/2012/വനം തീയതി 21.01.2012.
2. ജി.ഒ.(പി)നം.119/2012/വനം തീയതി 18.12.2012.

ഉത്സവാഘോഷങ്ങളുമായി ബന്ധപ്പെട്ട്; ആനകൾ ഇടഞ്ഞുണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉത്സവാഘോഷങ്ങൾക്കും, മറ്റ് പൊതു പരിപാടികൾക്കും ആനകളെ എഴുന്നെള്ളിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് സൂചന(1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളും, സൂചന (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും കർശനമായി പാലിക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരും, പോലീസ് ഉദ്യോഗസ്ഥരും, വനം വകുപ്പ് ഉദ്യോഗസ്ഥരും ഉറപ്പ് വരുത്തേണ്ടതാണ്. ആനകൾ ഇടഞ്ഞുണ്ടാകുന്ന അപകടങ്ങൾ ഇല്ലാതാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി സർക്കാർ പുറപ്പെടുവിക്കുന്നു.

1. ആനകളെ എഴുന്നള്ളിക്കുമ്പോൾ നിലനിൽക്കുന്ന (സാധുതയുള്ള) ഡേറ്റാ ബുക്കിന്റെ പകർപ്പ് വനം/റവന്യൂ/പോലീസ് വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഡേറ്റാബുക്ക് പരിശോധിച്ച ശേഷമേ ബന്ധപ്പെട്ടവർ ആനകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ.
2. ജില്ലാ കളക്ടറുടെ ചുമതലയിലുള്ള മോണിറ്ററിംഗ് കമ്മിറ്റി എല്ലാ ജില്ലകളിലും നിർബന്ധമായും യോഗം കൂടിയിരിക്കണം. ഉത്സവ സീസണിൽ (നവംബർ മാസം മുതൽ) എല്ലാ മാസവും ഈ സമിതി കൂടിയിരിക്കണം. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തണം.

3. പകൽ 11-നും 3.30-നും ഇടയിലുള്ള സമയം ആനകളെ എഴുന്നള്ളിക്കുവാൻ പാടുള്ളതല്ല. ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി ഒഴിച്ചുകൂടാൻ വയ്യാത്ത ഇടങ്ങളിൽ പന്തൽ കെട്ടി തണൽ ഒരുക്കിയും, ഇടയ്ക്ക് കുടിവെള്ളം നൽകിയും, ആനകളെ; 11-നും 3.30-നും ഇടയിൽ എഴുന്നള്ളിക്കാൻ കളക്ടർക്ക് പ്രത്യേക അനുവാദം നൽകാവുന്നതാണ്.

4. ഒരു ദിവസം 6 മണിക്കൂറിൽ കൂടുതൽ തുടർച്ചയായി എഴുന്നെള്ളിപ്പിന് ഒരേ ആനയെ ഉപയോഗിക്കരുത്. അല്ലെങ്കിൽ പരമാവധി ഒരു ദിവസം രണ്ട് പ്രാവശ്യങ്ങളിലായി 4 മണിക്കൂർ വീതം എഴുന്നള്ളിപ്പിക്കാവുന്നതാണ്. ഈ സമയത്തിൽ കൂടുതൽ ആനയെ എഴുന്നള്ളിപ്പിക്കണമെങ്കിൽ മറ്റൊരാനയെക്കൂടി ഉപയോഗിക്കേണ്ടതാണ്. രാത്രി എഴുന്നെള്ളിപ്പിന് ഉപയോഗിച്ച ആനയെ പിറ്റെ ദിവസം പകൽ വീണ്ടും എഴുന്നെള്ളിപ്പിന് ഉപയോഗിക്കരുത്. എഴുന്നെള്ളിപ്പിന് മുമ്പും പിമ്പും, തീറ്റയും വെള്ളവും ആനകൾക്ക് നൽകിയിട്ടുണ്ടെന്ന് സംഘാടകർ ഉറപ്പ് വരുത്തണം.

5. ആനകളെ ഉപയോഗിച്ചുള്ള പുതിയ പൂരങ്ങൾക്ക് അനുവാദം നൽകരുത്. 2012-ൽ ഉണ്ടായിരുന്ന പൂരങ്ങളിൽ മാത്രമേ തുടർ വർഷങ്ങളിൽ ആനയെ ഉപയോഗിക്കാൻ അനുവാദം നൽകാവൂ. 2012-ൽ ഉണ്ടായിരുന്ന ആനകളുടെ എണ്ണം മാത്രമെ ഓരോ പൂരത്തിനും തുടർ വർഷങ്ങളിലും ഉണ്ടാകാൻ പാടുള്ളൂ.

6. ആനകളിൽ നിന്നും നിശ്ചിത ദൂരെ മാത്രമേ (3 മീറ്റർ) ആളുകൾ നിൽക്കാനും സഞ്ചരിക്കാനും പാടുള്ളൂ. ആനപ്പാപ്പാന്മാർ അല്ലാതെ മറ്റാരും ആനകളെ സ്പർശിക്കാൻ പാടുള്ളതല്ല.

7. പാപ്പാന്മാർ മദ്യപിച്ച് ജോലി ചെയ്യാൻ അനുവദിക്കരുത്. പോലീസ് ഉദ്യോഗസ്ഥർ ബ്രത്ത് അനലൈസർ ഉപയോഗിച്ച് പാപ്പാന്മാരെ നിർബ്ബന്ധമായും പരിശോധിക്കേണ്ടതാണ്. പാപ്പാന്മാർ മദ്യപിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ പാപ്പാനെതിരെ നിയമപരമായ നടപടിയെടുക്കണം. ആ ആനയേയും, പാപ്പാനേയും എഴുന്നെള്ളിപ്പിൽ നിന്ന് നിർബ്ബന്ധമായും മാറ്റിയിരിക്കണം.

8. ആനകളെ ഉപയോഗിക്കുന്ന എല്ലാ ഉത്സവങ്ങളിലും; ഉത്സവക്കമ്മിറ്റി 72 മണിക്കൂർ സമയത്തേക്ക് 25 ലക്ഷം രൂപയ്ക്കെങ്കിലും ഇൻഷുർ ചെയ്തിരിക്കണം.

9. നിർബ്ബന്ധമായും; ആനയെ ഇടച്ചങ്ങല, മുട്ട് ചങ്ങല കൂടാതെ എഴുന്നെള്ളിപ്പിന് നിർത്താൻ പാടുള്ളതല്ല.

10. ആനകളെ ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേക്ക് കൊണ്ടു പോകുമ്പോൾ ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ കർശനമായി പാലിച്ചിരിക്കണം. വാഹനങ്ങൾക്ക് ഡി.എഫ്.ഒ-മാർ കൊടുത്തിരിക്കുന്ന പെർമിറ്റ് വനം/പോലീസ്/റവന്യൂ ഉദ്യോഗസ്ഥർ പരിശോധിച്ചിരിക്കണം.

11. ഒരേ സമയം 15-ൽ (പതിനഞ്ചിൽ) കൂടുതൽ ആനകളെ ഉപയോഗിച്ച് നടത്തുന്ന പൂരങ്ങൾക്ക് ആവശ്യമായ സ്ഥലമുണ്ടോയെന്ന് മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം.

12. ഒരേ സമയം 3-ൽ (മൂന്നിൽ) കൂടുതൽ ആനകളെ ക്ഷേത്രങ്ങൾക്കുള്ളിൽ പ്രവേശിപ്പിക്കരുത്.
13. ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി കഴിഞ്ഞ 25 വർഷങ്ങൾക്കു മുമ്പ് ആനയോട്ടം പോലുള്ള ചടങ്ങുകൾക്ക് ആനകളെ ഉപയോഗിച്ചിരുന്നിടത്തല്ലാതെ ഒരിടത്തും ഇത്തരം ചടങ്ങുകൾ നടത്താൻ പാടുള്ളതല്ല.
14. ആനകൾ ഉണ്ടാക്കുന്ന അക്രമങ്ങൾ, പ്രശ്നങ്ങൾ, മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും വസ്തു വകകൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ, പരിക്കുകൾ തുടങ്ങിയവ നിർബന്ധമായും സ്ഥലം, തീയതി, സമയം തുടങ്ങിയവ കാണിച്ച് ഡി.എഫ്.ഒ-മാർ ഡേറ്റാ ബുക്കിൽ രേഖപ്പെടുത്തിയിരിക്കണം. പ്രശ്നങ്ങൾ സ്ഥിരമായുണ്ടാക്കുന്ന ആനകളുടെ ലിസ്റ്റ് ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി തയ്യാറാക്കണം. ഈ ലിസ്റ്റ് അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കുകയും ഈ ലിസ്റ്റിലുള്ള ആനകളെ എഴുന്നെള്ളിപ്പിന് ഉപയോഗിക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

പ്രദീപ് കുമാർ.
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), തിരുവനന്തപുരം.
ഡയറക്ടർ ജനറൽ ഓഫ് പോലീസ്, കേരളം, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്.
റവന്യൂ (ദേവസ്വം) വകുപ്പ്.
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

പകർപ്പ് - ബഹു. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

/5254926/2022

"ഭരണഭാഷ- മാതൃഭാഷ"

| O/o. CWW | |
|---|---|
| CWW | |
| DCF (WL) | |
| DCF (PE) | |
| ACF (BDC) | |
| AA | |
| SS | |
| JS | |

കേരള സർക്കാർ

നം.ഡി2/312/2018/വനം
വനം വന്യജീവി (ഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27-04-2022

## സർക്കുലർ

വിഷയം:- വനം വന്യജീവി വകുപ്പ് - ഉത്സവങ്ങളിൽ ആനകളെ എഴുന്നള്ളിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച സർക്കുലർ - ഭേദഗതി - സംബന്ധിച്ച്

സൂചന:- 1. സർക്കുലർ നമ്പർ 2853/ഡി2/2013/വനം തീയതി 20.03.2013
2. ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16.03.2022 ന് വിളിച്ച ചേർത്ത യോഗത്തിന്റെ നടപടിക്കുറിപ്പ്

സൂചന (1) സർക്കുലറിലെ 5-ാമത്തെ നിർദ്ദേശം സർക്കാർ, താഴെ പറയും പ്രകാരം ഭേദഗതി വരുത്തുന്നു.

"നിലവിലുള്ള പരമ്പരാഗത ഉത്സവങ്ങളിൽ ആനകളുടെ എണ്ണം കൂട്ടുന്നതിനുള്ള പ്രവണത വർദ്ധിച്ച് വരുന്നതും പുതിയ ഉത്സവങ്ങളിൽ ആനകളെ അവതരിപ്പിക്കുന്നതും നിരുത്സാഹപ്പെടുത്താനുള്ള നടപടികൾ ജില്ലാ കമ്മിറ്റി എടുക്കേണ്ടതാണ്".

സൂചന (1) ലെ സർക്കുലർ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

HOFF

എല്ലാ ജില്ലാ കളക്ടർമാർക്കും
സംസ്ഥാന പോലീസ് മേധാവി, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
റവന്യൂ (ദേവസ്വം) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Sabarish M S**
**Date: 27-04-2022 11:57:15**

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്